(4) വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. ഓപ്പറേറിംഗ് സെൻററിന്റെ ശോച്യാവസ്ഥ

(ശ്രീ. സി.ടി. കൃഷ്ണൻ : സർ, ആലത്തൂർ നിയോജകമണ്ഡലത്തിൽ വടക്കഞ്ചേരിയിലെ കെ.എസ്.ആർ.ടി.സി. ഓപ്പറേറിംഗ് സെൻറർ ഉദ്ഘാടനം ചെയ്തിട്ട് ഏതാണ്ട് ഒന്നര കൊല്ലത്തോളമായി. 14 ഷെഡ്യൂളുകളോടുകൂടി ആരംഭിച്ചതാണ് ആ ഓപ്പറേഷൻ സെൻറർ. ഇന്ന് അവിടെ ഓടുന്നത് വെറും ഏഴു ഷെഡ്യൂളുകൾ മാത്രമാണ്. ബാക്കിയുള്ളവയൊന്നും ഓടുന്നില്ല. മംഗലം ഡാം-പാലക്കാട് ഷെഡ്യൂൾ ഇപ്പോൾ ഓടുന്നില്ല. അതുപോലെതന്നെ പാണ്ടാകോട്-പട്ടാമ്പി, വാൽക്കുളമ്പ്-ഗോവിന്ദപുരം, മണപ്പാടം-പാലക്കാട്, ആലത്തൂർ-ഗുരുവായൂർ, വടക്കഞ്ചേരി-ചങ്ങനാശ്ശേരി, വടക്കഞ്ചേരി-എറണാകുളം എന്നീ സർവ്വീസുകളെല്ലാം മുടങ്ങിക്കിടക്കുകയാണ്. 5 ഏക്കർ സ്ഥലം പഞ്ചായത്ത് സൗജന്യമായി വിട്ടുകൊടുത്തതാണ്. 70,000 രൂപ ഞങ്ങളെല്ലാവരും ചേർന്ന് കമ്മറേറിയുണ്ടാക്കി പിരിച്ച് ടെമ്പററി ഷെഡ്ഡ് വരെ കെട്ടിക്കൊടുത്തു. 2 ലക്ഷം രൂപയുടെ എസ്റ്റിമേറുള്ള റോഡിന്റെ പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ഇത്രയെല്ലാം നാട്ടുകാർ സഹായിച്ചിട്ടും ആ ഓപ്പറേഷൻ സെൻറർ ശരിയായി നടത്താനും മുടങ്ങിക്കിടക്കുന്ന ഷെഡ്യൂളുകളും മുടക്കം കൂടാതെ ഓടിക്കുന്നതിനും വേണ്ട നടപടി ഗവൺമെൻറ് സ്വീകരിക്കുന്നില്ല. കെട്ടിടം അടിയന്തിരമായി കെട്ടുന്നതിന് നടപടിയെടുക്കുമെന്ന് നേരത്തെയുള്ള ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി പറഞ്ഞതാണ്. അവിടെ സർവീസ് നടക്കുന്നില്ല. കെട്ടിടമില്ല. തൽക്കാലം, ഇപ്പോൾ അവിടെ എല്ലാം മുടങ്ങിക്കിടക്കുകയാണ്.

തൃശ്ശൂരിൽ നിന്നും പാലക്കാട്ടേക്കുള്ള 70 കിലോമീറർ ദൂരത്തിൽ 35 കിലോമീറററോളം വരുന്ന മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു ഓപ്പറേഷൻ സെൻറർതന്നെയാണ് വടക്കഞ്ചേരിയിലുള്ളത്. അത് ഒരു സബ് ഡിപ്പോ ആക്കണം. അവിടെ ബിൽഡിംഗ് ഉണ്ടാക്കണം, സർവ്വീസുകളും കൂടുതൽ വേണം. അത്രയും പുരോഗമിക്കുന്നതിനാവശ്യമായ മർമ്മപ്രധാനമായ പട്ടണപ്രദേശമായി വടക്കഞ്ചേരി പഞ്ചായത്ത് വളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി സ്പെയർപാർട്സും മറ്റും കൊടുക്കണം. ഒരൊറ്റ പുതിയ ബസ്സുകളും അവിടെ കൊടുത്തിട്ടില്ല. പുതിയ നല്ല ബസ്സുകൾ കൊടുക്കണം, അങ്ങനെ സർവ്വീസ് മുടങ്ങാതെ നടത്തുന്നതിനും കെട്ടിടം പണിയുന്നതിനും അത് ഒരു സബ് ഡിപ്പോ ആയി ഉയർത്തുന്നതിനും നടപടിയെടുക്കണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, വടക്കഞ്ചേരിയിൽ ഇന്ന് 13 ഷെഡ്യൂളുകളാണുള്ളത്. നാല് ഫാസ്റ്റ് പാസഞ്ചർ സർവ്വീസും ഒൻപത് ഓർഡിനറി സർവ്വീസുകളുമാണ് അവ. എന്നാൽ ടയറിന്റെ അഭാവം നിമിത്തം കഴിഞ്ഞ മാസങ്ങളിൽ ചില വണ്ടികൾ ഓടിയിട്ടില്ലെന്നുള്ളത് വാസ്തവമാണ്. ഇപ്പോൾ യഥാർത്ഥത്തിൽ നില ഇമ്പ്രൂവ് ചെയ്തിട്ടുണ്ട്. മിക്കവാറും സർവ്വീസുകൾ കൃത്യമായി ഓടിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശത്തിൽതന്നെ കൃത്യമായും ഓടിക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ടെന്നേ സൂചനയുണ്ട്. അങ്ങനെയുള്ള ഒരവസരത്തിൽ ലക്ഷക്കണക്കിന് ഉറുപ്പിക മുതൽമുടക്കി കൂടുതൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയെന്നത് കെ.എസ്. ആർ.ടി. സി. യെ സംബന്ധിച്ചിടത്തോളം ആരോഗ്യകരമായ ഒരു കീഴ്വഴക്കമായിരിക്കുമെന്ന് തോന്നുന്നില്ല. ഇന്ന് ലഭ്യമാകുന്ന റവന്യൂ റിസോഴ്സസ് പൂർണ്ണമായും ഉപയോഗപ്പെടുത്തി കെ. എസ്. ആർ. ടി. സി.യിൽ ഇന്ന് മുടങ്ങിക്കിടക്കുന്ന സർവ്വീസുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഓടിപ്പിക്കുന്നതിന് ആവശ്യമായ സ്പെയർപാർട്ടുകളും ലഭ്യമാക്കുവാനും അതുപോലെ തന്നെ പുതിയ ബസ്സുകളും വാങ്ങി റോഡിലിറക്കുന്നതിനും യാത്രക്കാരുടെ പ്രശ്നങ്ങളും പരിഹരിക്കുന്നതിനും വേണ്ടിയാണ് ശ്രമിക്കുന്നത്. പുതിയതായി ഓപ്പറേറ്റിംഗ് സെൻറുകളോ സബ് ഡിപ്പോകളോ തുടങ്ങുന്നത് സ്ഥലത്തെ പഞ്ചായത്തോ അല്ലെങ്കിൽ നാട്ടുകാരുടെ കമ്മിറ്റിയോ സ്ഥലം സംഭാവനയായി തരുകയും കെട്ടിടം നിർമ്മിച്ച് തരുകയും ചെയ്താൽ മാത്രമാണ്. അങ്ങനെയുള്ള കണ്ടീഷൻസ് സാറ്റീസ്ഫൈ ചെയ്താൽ മാത്രമേ അതിനു നിർവ്വാഹമുള്ളു. കൈയിൽക്കിട്ടുന്ന റവന്യൂ റിസോഴ്സസ് ഉപയോഗിച്ചുകൊണ്ട് കൂടുതൽ ബസ്സുകളും ലഭ്യമാക്കി ഓടിക്കുവാനുള്ള ശ്രമത്തിലാണ്. തീർച്ചയായും നേരത്തെ കെ. എസ്. ആർ. ടി. സി.ക്ക് വടക്കാഞ്ചേരിക്കാരോട് ഒരു കമിറ്റ്മെൻറ് - ഉണ്ട്. തീർച്ചയായും ആ കമിറ്റുമെൻറ് പുനഃപരിശോധിക്കുന്നതാണ്.

(5) ഐ. ടി. സി. കളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, കേരളത്തിലെ ഐ. ടി. സി.കളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ ദയനീയസ്ഥിതി ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിൽ 232 ഐ. റ്റി. സി. കളിലായി 30,000 വിദ്യാർത്ഥികൾ പഠിച്ചു വരുന്നുണ്ട്. 6,000 ത്തോളം അദ്ധ്യാപകർ ഈ ഐ.റ്റി.സി. കളിൽ ജോലിചെയ്യുന്നുമുണ്ട്. ഗവൺമെൻറിൻെറ കീഴിലുള്ള ഐ. ടി. ഐ. കളിലുള്ള അതേ കോഴ്സുകളും അതേ പഠനരീതികളുമാണ് ഇവിടെയും നടത്തുന്നത്. എന്നാൽ ഐ. റ്റി. ഐ. കളിലെ അദ്ധ്യാപകർക്ക് കൊടുക്കുന്ന ശമ്പളത്തിൻെറ ചെറിയ ഒരംശംപോലും ഈ ഐ.റ്റി.സി.കളിലെ അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല. അവരുടെ ജോലിക്ക് സ്ഥിരതയില്ല. സേവന വേതന വ്യവസ്ഥകൾ യാതൊന്നുമില്ല. അവരെ സർവ്വീസിൽ നിന്നും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം. പിരിച്ചുവിട്ടാൽതന്നെ ഒരു നഷ്ടപരിഹാരം കൊടുക്കുന്ന പ്രശ്നവുമില്ല. അങ്ങനെ ഇത്രയധികം അനിശ്ചിതത്വത്തിൽ അവരുടെ ജീവിതം നീങ്ങുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. നമ്മുടെ രാജ്യത്ത്, പരിഷ്ക്കൃതമായ ഈ കാലഘട്ടത്തിൽ എതെങ്കിലും മേഖലയിൽ, ഒരു കടയിൽ വിൽപ്പനയ്ക്ക് നിൽക്കുന്ന ആളുകൾക്കുപോലും, ഇത്രയും തുച്ഛമായ ശമ്പളം വാങ്ങുന്നവർ കാണുകയില്ല. 450 മുതൽ 500 രൂപ വരെയാണ് ശമ്പളവും അലവൻസുകളും കൂടിചേർത്ത് അവർക്ക് ലഭിക്കുന്നത്. മറ്റ് യാതൊരു ആനുകൂല്യങ്ങളും ഇല്ല. ഇന്ന് തുല്യ ജോലിക്ക് തുല്യ ശമ്പളം (വേതനം) എന്ന തത്വം അംഗീകരിച്ചിട്ടുള്ള നമ്മുടെ രാജ്യത്ത് ഐ. റ്റി. ഐ. കളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് കിട്ടുന്ന ശമ്പളവും സേവന-വേതന വ്യവസ്ഥകളും, സേവന-വേതന ക്രമങ്ങളും, ജോലി സ്ഥിരതയും എല്ലാം അവർക്കും കിട്ടാൻ അർഹതയുള്ളവരാണ്. ഗവൺമെൻറ് ഇക്കാര്യത്തിൽ യാതൊരു താല്പര്യവും എടുക്കുന്നില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും തുല്യ ജോലിക്ക് തുല്യ വേതനമെന്ന തത്വം അംഗീകരിച്ചുകൊണ്ട് ഐ. റ്റി. ഐ. കളിലുള്ള അദ്ധ്യാപകർക്കുള്ള ശമ്പളവും മറ്റ് സേവന-വേതന വ്യവസ്ഥകളും ജോലി സ്ഥിരതയും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ ഗവൺമെൻറ് ഉടനടി എടുക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly